പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2015 — 05.10.2016-ൽ മറുപടിക്ക്

## സ്വകാര്യ മേഖലയിലെ നഴ്സുമാരുടെ പ്രശ്നങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.സുരേഷ് കുറുപ്പ്<br>ശ്രീമതി യു. പ്രതിഭ ഹരി<br>ശ്രീ.ബി.ഡി. ദേവസ്സി<br>,, വി. ജോയി | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പ് മന്ത്രി |

(എ) സ്വകാര്യ മേഖലയിലെ നഴ്സുമാരുടെ ദീർഘകാല സമരത്തെ തുടർന്ന് അവരുടെ പ്രശ്നങ്ങൾ പഠിക്കാനായി നിയോഗിച്ച ബലരാമൻ കമ്മിറ്റിയുടെ ശിപാർശകൾ എന്തൊക്കെയായിരുന്നു;

(എ) ബലരാമൻ കമ്മിറ്റിയുടെ ശിപാർശകൾ അനുബന്ധമായി ചേർക്കുന്നു.

(ബി) ഇവയിൽ എന്തൊക്കെ കാര്യങ്ങൾ മുൻ സർക്കാർ നടപ്പിലാക്കിയെന്ന് വ്യക്തമാക്കാമോ;

(ബി) നഴ്സുമാരുടെ തൊഴിൽ സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നത് സംബന്ധിച്ചുള്ള കമ്മീഷന്റെ ശുപാർശകൾ ആശുപത്രി വ്യവസായ രംഗത്തെ സമാധാനം നിലനിർത്തുന്നതിനായി 28.05.2012-ലെ സർക്കാർ ഉത്തരവ് (ആർ.റ്റി) നമ്പർ. 799/12/തൊഴിൽ പ്രകാരം സർക്കാർ രൂപീകരിച്ച ത്രികക്ഷി സമിതിയായ സ്വകാര്യ ആശുപത്രി വ്യവസായ ബന്ധസമിതി അംഗീകരിക്കുകയും ആയവ നടപ്പിലാക്കാൻ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ആശുപത്രി വ്യവസായ രംഗത്ത് വേതന പരിഷ്കരണം ആവശ്യമാണെന്ന കമ്മീഷന്റെ ശുപാർശ പരിഗണിച്ച് 05.11.2013-ന് സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ. 135/2013/തൊഴിൽ പ്രകാരം പുതിയ വേതന നിരക്കുകൾ നിശ്ചയിച്ച് സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ഈ വേതന നിരക്ക് ജീവനക്കാർക്ക് ഉറപ്പു വരുത്താൻ തൊഴിൽ വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിഭാഗം ശക്തമായ നടപടി സ്വീകരിച്ചു വരുന്നു. നിലവിലെ കൂലി നിരക്കുകൾ പുതുക്കിനിശ്ചയിക്കുന്നതിന് സർക്കാർ

| | | |
|---|---|---|
| | | മിനിമം വേതന കമ്മിറ്റി രുപികരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട് |
| (സി) | ഇവരുടെ സേവന വ്യവസ്ഥകളും വേതനഘടനയും മോശമായി തുടരുന്നതിനാൽ കമ്മിറ്റി ശിപാർശകൾ സമഗ്രമായി നടപ്പിലാക്കാൻ നടപടിയെടുക്കുമോ? | (സി) ആശുപത്രി വ്യവസായ രംഗത്ത് വേതന പരിഷ്കരണം ആവശ്യമാണെന്ന കമ്മീഷന്റെ ശുപാർശ പരിഗണിച്ച് 05.11.2013-ന് സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ. 135/2013/തൊഴിൽ പ്രകാരം പുതിയ വേതന നിരക്കുകൾ നിശ്ചയിച്ച് സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട് നിലവിലെ കുലി നിരക്കുകൾ പുതുക്കിനിശ്ചയിക്കുന്നതിന് സർക്കാർ മിനിമം വേതന കമ്മിറ്റി രുപികരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട് |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്